വൈദ്യുതി ബോർഡിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

132 (915)ശ്രീ. ബി. വിജയകുമാർ :

ശ്രീ. എം. മുരളി :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് നിലവിൽവന്നശേഷം നടപടിക്രമത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഇതനുസരിച്ച് ക്വട്ടേഷൻ ലഭിച്ചതിനുശേഷം ഏറ്റവും കുറവു തുക ക്വാട്ടുചെയ്ത അഞ്ചുപേർക്കു മാത്രമായി സാധനങ്ങൾ നൽകുന്നതിനുള്ള കരാർ കൊടുക്കുന്ന ഏർപ്പാട് സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതുമൂലം സംസ്ഥാനത്തുള്ള നിർമ്മാതാക്കൾക്ക് കരാറ് കിട്ടാതാകുന്നുണ്ടോ;

(ഇ) സംസ്ഥാനത്തുള്ള നിർമ്മാതാക്കൾക്കുകൂടി കരാർ കിട്ടുവാൻ സഹായകമായ നടപടിക്രമം ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പൊതുവായി ഇത്തരത്തിൽ ഒരു ഏർപ്പാട് സ്വീകരിച്ചിട്ടില്ല. ചില സാധനങ്ങളുടെ കാര്യത്തിൽ ഒരു കമ്പനിക്കു മാത്രമായി ഓർഡർ നൽകിയാൽ ആവശ്യമുള്ളത്രയും സാധനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലഭിയ്ക്കുകയില്ല. പ്രധാനമായും ഇത്തരം സന്ദർഭങ്ങളിൽ ക്വാട്ടുചെയ്യപ്പെട്ട ഏറ്റവും കുറഞ്ഞ നിരക്കിൽ ഓർഡർ പലർക്കായി വീതിച്ചു നൽകാറുണ്ട്.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്തുള്ള നിർമ്മാതാക്കൾക്ക് കരാർ കിട്ടാൻ സഹായകമായ ''പ്രൈസ് പ്രിഫറൻസ്'' ഉൾപ്പെടെയുള്ള നടപടിക്രമം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

ലാഭകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടി

133 (916)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തിനെയെല്ലാം സംബന്ധിക്കുന്നവയാണ് വൈദ്യുതി ബോർഡിലെ ലാഭകേന്ദ്രങ്ങൾ എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡിലെ വെയിസ്റ്റ് ഫുൾ എക്സ്പെൻഡിച്ചർ ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്ത് വൈദ്യുതിവില കുറച്ച് കൺസ്യൂ

LIBRARY ARCHIVES Kerala Legislative Assembly